## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

21.10.2016-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭ

ചോദ്യം നമ്പർ: 3987

### പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കുന്ന നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ.മുരളി | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | എ) | ഗ്രാമപഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനം ചെയ്യുന്നതിന് പ്രധാന മാനദണ്ഡങ്ങളായി സാധാരണ നിലയിൽ പരിഗണിക്കുന്നത് ആ പ്രദേശത്തെ ജനസംഖ്യ, ജനസാന്ദ്രത, വരുമാനം, കാർഷികേതര പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ നിരക്ക് എന്നിവയാണ്. കൂടാതെ 27.11.2014-ലെ സ.ഉ (സാധാ) നം.3113/2014/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു പ്രദേശത്തെ വികസന സാദ്ധ്യതകൾ, പുതിയ തുറമുഖം, റയിൽവേ, എയർപോർട്ട് എന്നീ പദ്ധതികൾ, ഇൻഡസ്ട്രിയൽ ഏരിയ ഐ.ടി. ഹബ് തുടങ്ങിയവ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ്, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, നിലവിലുള്ളതും ഭാവിയിൽ പ്രതീക്ഷിക്കാവുന്നതുമായ വരുമാന സ്രോതസ്സുകൾ, സാറ്റലൈറ്റ് ടൗണായി വികസിപ്പാക്കാനുള്ള സാദ്ധ്യതയുള്ള പ്രദേശം, ശാസ്ത്രീയമായ വികസന സാദ്ധ്യതകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവകലാശാലകൾ എന്നിവയുടെ സാന്നിദ്ധ്യം, പ്രദേശങ്ങൾ തമ്മിലുള്ള കണക്ടിവിറ്റി, നഗരത്തിൽ നിന്നും നേരിട്ടല്ലാതെ കിടക്കുന്ന പ്രദേശങ്ങൾ, നഗരസഭയാക്കി മാറ്റിയാൽ കേന്ദ്രസർക്കാരിൽ നിന്നും എ.ഡി.ബി പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം കിട്ടുന്നതിനുള്ള സാദ്ധ്യതകൾ, എന്നിവ കൂടി മാനദണ്ഡങ്ങളായി കണക്കാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള മുനിസിപ്പാലിറ്റികളുടെ എണ്ണമെത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | 87 മുനിസിപ്പാലിറ്റികൾ. |
| (സി) | പുതുതായി മുനിസിപ്പാലിറ്റികളാക്കാനുദ്ദേശിക്കുന്ന പഞ്ചായത്തുകൾ ഏതൊക്കെയെന്ന് അറിയിക്കാമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ